**കെ.എസ്സ്.എ.കെ.ടി.എം.പി 2/697/2016 തീയതി: 3.6.16**

# കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ

# 2013-14, 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2013-14,2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.2014 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 31-05-2016ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വർഗ്ഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21-05-2016 മുതൽ 01-06-2016വരെ | |
| ഓഡിറ്റ് നടത്തിയ | : | ശ്രീ.മാത്യു ജേക്കബ്ബ് | ഓഡിറ്റ് ഓഫീസർ |

| | | | |
|---|---|---|---|
| ഉദ്യോഗസ്ഥർ | | | |
| | | ശ്രീ.സജി.പി.ആർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.രാജേഷ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ജിജി ജോർജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.മനു.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ശിവരാജ് പി | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അമ്മിണി തോമസ് | 01.04.13-31.03.15 |
| സെക്രട്ടറി | ശ്രീമതി. വി.ബി.വിജയമ്മ<br><br>പി.എൻ.ഉണ്ണികൃഷ്ണ ശർമ്മ(സെക്രട്ടറി- ഫുൾ അഡീഷണൽ ചാർജ്)<br><br>ജെസിയാ ബീവി- ഹെഡ് ക്ലർക്ക്(സെക്രട്ടറി ഇൻ ചാർജ്)<br><br>ജോർജ്ജകുട്ടി സെബാസ്റ്റ്യൻ(സെക്രട്ടറി- ഫുൾ | 01.04.13-15.06.13<br><br>16.06.13 - 24.06.2013<br><br>25.06.2013-26.07.2013<br><br>27.07.2013-31.07.2013<br><br>01.08.2013- |

| | | |
|---|---|---|
| | അഡീഷണൽ ചാർജ്)<br><br>ശ്രീമതി. വി.ബി.വിജയമ്മ<br><br>ശ്രീ.എ).വി.അബനീന്ദ്രമോഹൻ-ഹെഡ് ക്ലർക്ക്(സെക്രട്ടറി ഇൻ ചാർജ്)<br><br>ശ്രീമതി. വി.ബി.വിജയമ്മ | 20.04.2014<br><br>21.04.2014-16.05.2014<br><br>17.05.2014-31.03.2015 |

സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

| | | |
|---|---|---|
| വികസനകാര്യം | ശ്രീമതി.ഗ്രേസമ്മ ജോർജ്ജ് | 01.04.2013-31.03.2015 |
| ക്ഷേമ കാര്യം | ശ്രീ.ബിജു ജോൺ | 01.04.2013-31.03.2015 |
| ആരോഗ്യ/ വിദ്യാഭ്യാസം | ശ്രീമതി.സാലി മാത്യു | 01.04.2013-31.03.2015 |
| ധനകാര്യം | ശ്രീ.തോമസ് ചാക്കോ | 01.04.2013-31.03.2015 |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.എൻജിനീയർ - | ശ്രീ.ജയിംസ് ജോർജ്ജ്<br><br>ശ്രീമതി.സന്ധ്യ ആർ നായർ | 01.04.2013-12.11.2013<br><br>13.11.13- 31.03.15 |
| കൃഷി ഓഫീസർ | ശ്രീ. കിഷോർ കുമാർ | 01.04.13- 31.03.15 |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ബിനോയ് ജോസഫ് | 01.04.13- 31.03.15 |
| വി.ഇ.ഒ - | ശ്രീ.എ).ജെ.ജോസഫ് | 01.04.2013-29.09.2013 |
| | ശ്രീ.സജിത്ത് ഡി | 30.09.13- 31.03.15 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സരളഎ).സി<br>ഡോ.അനീഷ ഡി | 01.04.2013-29.06.2013<br>30.06.13- 31.03.15 |
| ഐ).സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.ബീനാ സി.ജെ<br>ശ്രീമതി.ഉഷാകുമാരി | 01.04.13-04.09.2014<br>05.09.14- 31.03.15 |

ഉള്ളടക്കം


| വിഷയം | ഖണ്ഡിക നമ്പർ |
|---|---|
| ഭാഗം 1-പൊതു അവലോകനം | |
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനത് വരുമാനം | 1-7 |
| ക്ഷേമ പദ്ധതികൾ | 1-8 |
| ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| ആഭ്യന്തരനിയന്ത്രണം | 1-10 |
| മറ്റ് ഓഡിററുകൾ | 1-11 |

| | |
|---|---|
| നടത്തിയതിന്റെ വിവരം | |
| ഭാഗം 2-വരവുകണക്കുകൾ | |
| രസീത് പരിശോധന പൊതു അപാകതകൾ | 2-1 |
| വാർഷിക കണക്കുകളുടെ പരിശോധന | 2-2 |
| വസ്തുനികുതി | 2-3 |
| തൊഴിൽ നികുതി ചുമതിതൽ- അപാകതകൾ | 2-4 |
| ഡി&ഒ ട്രേഡ് ലൈസൻസ് നൽകൽ- അപാകതകൾ | 2-5 |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| തെരുവ് വിളക്കുകളുടെ സംരക്ഷണം- പഞ്ചായത്തിന് കൃത്യമായ കണക്കില്ല | 3-1 |
| ബ്രോഡ് ബാന്റ് കണക്ഷനുള്ള ഫോൺ ചാർജ്- ചെലവ് പരിമിതപ്പെടുത്തണം | 3-2 |
| വനിത ഉത്പന്ന വിപണന കേന്ദ്രം പൂർത്തീകരണം- അപാകതകൾ- അധികചെലവ് അംഗീകരിക്കുന്നില്ല | 3-3 |
| എസ്.സി കോളനികളിൽ കുഴൽകിണർ നിർമ്മാണം- പദ്ധതി അപൂർണ്ണം | 3-4 |
| മ്ലക്കുഴി കോളനി അംഗനവാടി- അറ്റകുറ്റപ്പണി പൂർത്തിയായിട്ടുംകെട്ടിടം ജീർണ്ണാവസ്ഥയിൽ | 3-5 |

| | |
|---|---|
| ജാഗ്രത സമിതിക്ക് വാങ്ങിയ ഉപകരണങ്ങൾ- പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു | 3-6 |
| കന്നുകുട്ടി പരിപാലന പദ്ധതി- ഫണ്ടിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 3-7 |
| ഫ്രണ്ട് ഓഫീസ് നവീകരണം- വാങ്ങിയ ഉപകരണം സ്ഥാപിച്ചിട്ടില്ല | 3-8 |
| പാലിയേറ്റീവ് കെയർ പ്രോജക്ട്-അവലോകനം | 3-9 |
| ആശ്രയ പദ്ധതി നടത്തിപ്പ് | 3-10 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം | 3-11 |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | |
|---|---|
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| ഓഡിറ്റ് സാക്ഷ്യപത്രം 2013-14 | |
| ഓഡിറ്റ് സാക്ഷ്യപത്രം 2014-15 | |
| ബാലൻസ് ഷീറ്റ് 2013-14 | |
| ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2013-14 | |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് 2013-14 | |
| ബാലൻസ് ഷീറ്റ് 2014-15 | |
| ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2014-15 | |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് 2014-15 | |

## ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 27.03.13തിയതിയിലെ I നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 4391200 | 3333361 | | 1057839 | (-)24 |
| വരവ് | 46884420 | 29918515 | | 16965905 | (-)36 |
| ആകെ | 51275620 | 33251876 | | 18023744 | (-)35 |
| ചെലവ് | 44954800 | 29456873 | | 15497927 | (-)34 |
| നീക്കിയിരിപ്പ് | 6320820 | 3795003 | | 2525817 | (-)40 |

2014-15 വർഷത്തെ ബജറ്റ് 26.02.14തിയതിയിലെ I നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 33952235 | 3795003 | | 30157232 | (-)88.32 |
| വരവ് | 39121575 | 33463866 | | 5657709 | (-)14.46 |
| ആകെ | 73073810 | 37258869 | | 35814941 | (-)49.01 |
| ചെലവ് | 51930185 | 31433895 | | 20496290 | (-)39.46 |
| നീക്കിയിരിപ്പ് | 21143625 | 5824974 | | 15318651 | (-)72.45 |

## 1-2 വാർഷിക ധനകാര്യപത്രിക

**2013-14**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2014 | 19.06.2014 | ---------------- | --------------- |

**2014-15**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2015 | 30.07.2015 | ---------------- | --------------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | തീയതി | |
|---|---|---|
| 2013-14 | 20.08.14 | എൽ.എഫ്.കെ.പി. 14/ജി.പി.56/2014, 31.12.14 |
| 2014-15 | 14.10.15 | കെ.എസ്.എ.കെ.ടി.എം.പി-14/ജി.പി.56/2015, 31.12.2015 |

## 1-4 സാമ്പത്തിക വിശകലനം

**2013-14**

| | |
|---|---|
| മുന്നിരിപ്പ് | 3333361 |
| വരവ് | 29918515 |
| ആകെ | 33251876 |
| ചെലവ് | 29456873 |
| നീക്കിയിരിപ്പ് | 3795003 |

**2014-15**

| | |
|---|---|
| മുന്നിരിപ്പ് | 3795003 |
| വരവ് | 33463866 |
| ആകെ | 37258869 |
| ചെലവ് | 31433895 |
| നീക്കിയിരിപ്പ് | 5824974 |

## 1-5 ഫണ്ട് വിനിയോഗം

**2013-14(ഫണ്ട് ഡെവല്യൂഷൻ പത്രിക പ്രകാരം)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 179892 | 4595581 | 4775473 | 4580480 | 194993 | 95.92 |
| വികസനഫണ്ട് | 640207 | 683000 | 1323207 | 1012905 | 310302 | 76.55 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 625000 | 702000 | 1327000 | 1195847 | 131153 | 90.12 |
| സംരക്ഷണഗ്രാന്റ് റോഡ് | 49614 | 7146000 | 7195614 | 7169909 | 25705 | 99.64 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 13650 | 1864000 | 1877650 | 1638643 | 239007 | 87.27 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1007297 | 2346865 | 3354162 | 2716573 | 637589 | 80.99 |
| പെർഫോമൻസ് ഗ്രാന്റ് | 137446 | 1446000 | 1583446 | 1528642 | 54804 | 96.54 |
| എം.എൻ.ആർ.ഇ.ജി.എസ് | 43292 | 4875097 | 4918389 | 4915058 | 3331 | 99.9 |

**2014-15(ഫണ്ട് ഡെവല്യൂഷൻ പത്രിക പ്രകാരം)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 194993 | 4901000 | 5095993 | 4952796 | 143197 | 97.17 |
| വികസനഫണ്ട് എസ്.സി.പി. | 310302 | 773000 | 1083302 | 870199 | 213103 | 80.33 |
| വികസനഫണ്ട് ടി.എസ്.പി. | 131153 | 807000 | 938153 | 859188 | 78965 | 91.58 |
| സംരക്ഷണഗ്രാന്റ് റോഡ് | 25705 | 8357000 | 8382705 | 8282500 | 100205 | 98.88 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 239007 | 2394565 | 2633572 | 2228221 | 405351 | 84.6 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 637589 | 3279833 | 3917422 | 3675886 | 241536 | 93.83 |
| പെർഫോമൻസ് ഗ്രാന്റ് | 54804 | 1745000 | 1799804 | 54804 | 1745000 | 3.04 |
| എം.എൻ.ആർ.ഇ.ജി.എസ്. | 3331 | 2459446 | 2462777 | 2462777 | 0 | 100 |

## 1-6 പദ്ധതി അവലോകനം

**2013-14**

ഗ്രാമപഞ്ചായത്തിന്റെ 2013-14 വാർഷികപദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| രൂപീകരണഘട്ടം | തീയതി |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 03.05.2013,30.08.2013 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 10.05.2013മുതൽ15.05.2013 |
| വികസനസെമിനാർ | 13.06.13 |
| ഭരണ/സാമ്പത്തികാനുമതി | ഭരണസമിതിയുടെ 14.06.2013-ലെ തീരുമാനം |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | ഭരണസമിതിയുടെ31.10.2013-ലെ തീരുമാനം |
| ടെൻഡർ അംഗീകാരം | ഭരണസമിതിയുടെ13.11.2013-ലെ തീരുമാനം |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഷിക പദ്ധതി അടങ്കൽ | 27709448 |
| ആകെ ചെലവ് | 20083899 |
| ചെലവ് ശതമാനം | 72.48 |

| ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം | | | | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|
| വിഭാഗം | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| പൊതു വിഭാഗം | 88 | 14 | 102 | 84 | 11 | 95 |
| എസ്.സി.പി | 07 | 01 | 08 | 07 | 01 | 08 |
| ടി.എസ്.പി | 06 | 01 | 07 | 06 | 01 | 07 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 101 | 16 | 117 | 97 | 13 | 110 |

പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം : 94.01

**2014-15**

ഗ്രാമപഞ്ചായത്തിന്റെ 2014-15 വാർഷികപദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| രൂപീകരണഘട്ടം | തീയതി |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 27.12.2013 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 5.1.14 മുതൽ 12.1.2014 വരെ |
| വികസനസെമിനാർ | 13.02.2014 |
| ഭരണ/സാമ്പത്തികാനുമതി നമ്പർ | 15.02.2014 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 30.09.2014 |
| ടെൻഡർ അംഗീകാരം | 29.10.2014 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഷികപദ്ധതി അടങ്കൽ | 25601004 |
| ആകെ ചെലവ് | 21368376 |
| ചെലവ് ശതമാനം | 83.46% |

| ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം | | | | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|
| വിഭാഗം | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| പൊതു വിഭാഗം | 108 | 04 | 112 | 99 | 3 | 102 |
| എസ്.സി.പി | 8 | 00 | 8 | 7 | 00 | 7 |
| ടി.എസ്.പി | 5 | 00 | 5 | 4 | 00 | 4 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 109 | 07 | 126 | 110 | 03 | 113 |

പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം : 90.4%

**വാർഷികപദ്ധതി നിർവഹണം**

തനതുവരുമാനം തീരെ കുറവായ പഞ്ചായത്തിൽ,ദൈനംദിന പ്രവർത്തനങ്ങൾക്ക് പോലും മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് തുക വകയിരുത്തുന്ന സാഹചര്യമാണുള്ളത്.കൃഷി, മൃഗസംരക്ഷണം പോലെ ഉല്പാദന മേഖലക്ക് പ്രാധാന്യമുള്ള മലയോരമേഖലയിൽപ്പെട്ട പഞ്ചായത്തിൽ ഈ മേഖലക്ക് ആനുപാതികമായ പ്രാധാന്യം നല്കുന്നതായി കാണുന്നില്ല. സ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആസൂത്രണം ചെയ്യണമെന്ന മാർഗ്ഗരേഖ നിർദ്ദേശം പശ്ചാത്തല മേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിൽ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

**2013-14**

| നേട്ടങ്ങൾ | കോട്ടങ്ങൾ |
|---|---|
| 1. ക്ഷീര-മൃഗ സംരക്ഷണമേഖലയിൽ ക്ഷീരകർഷകർക്ക് കാലിത്തീറ്റവിതരണം, കന്നുകുട്ടിപരിപാലനംമുട്ടക്കോഴി വിതരണം തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കി<br>2. ആസൂത്രണം ചെയ്ത 117 പ്രോജക്ടുകളിൽ 110 എണ്ണവും നടപ്പിലാക്കാൻ കഴിഞ്ഞു.<br>3. രോഗാതുരരായ സാധുജനങ്ങൾക്ക് സാന്ത്വനമേകുന്ന പാലിയേറ്റീവ് കെയർ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ വിജയകരമായി നടപ്പാക്കി. | 1.പൊതുവിഭാഗം സേവനമേഖലയിൽ 1.02കോടി വകയിരുത്തിയെങ്കിലും 46.03 ലക്ഷം മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ.<br>2.ആശ്രയ പദ്ധതിയിൽ 20000 രൂപയുടെ ചെലവ് മാത്രമാണ് ഉണ്ടായത്.<br>3.മരാമത്ത് പ്രവൃത്തികൾ മിക്കതും റോഡ് കോൺക്രീറ്റിംഗ്,റീടാറിംഗ് പ്രവൃത്തികളിൽ ഒതുങ്ങി. |

**2014-15**

| **നേട്ടങ്ങൾ** | **കോട്ടങ്ങൾ** |
|---|---|
| 1) സേവന മേഖലയിൽ ഏറ്റെടുത്ത മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കാൻ കഴിഞ്ഞു.<br>2)ഉറവിടമാലിന്യ മാലിന്യ സംസ്ക്കരണത്തിന് പ്രത്യേക പ്രോജക്ട് ആവിഷ്ക്കരിച്ചു.<br>3)രോഗാതുരരായ സാധു ജനങ്ങൾക്ക് സാന്ത്വനമേകുന്ന പാലിയേറ്റീവ് കെയർ, ശാരീരിക- മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ തൻവർഷവും വിജയകരമായി നടപ്പാക്കി.<br>4) വിവിധ റോഡുകളുടെ | 1.തനതുഫണ്ടിന്റെ കുറവു മൂലം വൈദ്യുതചാർജ്,വെള്ളക്കരം, പഞ്ചായത്ത് വാഹനത്തിന് ഇന്ധനം തുടങ്ങിയവയ്ക് ആസ്തി പരിപാലന ഗ്രാന്റിൽ നിന്ന് തുക വകയിരുത്തേണ്ടി വരുന്നു.<br>2.ജൈവവൈവിദ്ധ്യരജിസ്റ്ററിന്റെ പൂർത്തീകരണം തൻ വർഷം നടപ്പിലാക്കാൻ കഴിഞ്ഞില്ല.<br>3.ആശ്രയ പദ്ധതിയുടെ പ്രവർത്തനവും തൃപ്തികരമായിരുന്നില്ല. |

| | |
|---|---|
| അറ്റകുറ്റപ്പണികൾ നടത്തി. | |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2013-14 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1028828 | 1193435 | 164607 | (+)16 |
| നികുതിയേതര വരവുകൾ | 241193 | 233375 | 7818 | (-)3.24 |
| മറ്റുവരവുകൾ | 1243089 | 3067411 | 1824322 | (+)146.75 |
| ആകെ | 2513110 | 4494221 | 1981111 | (+)78.83 |

2013-14 വർഷത്തേക്കാൾ സ്ഥാപനത്തിന് 2014-15 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1193435 | 1477332 | 283897 | (+)23.78 |
| നികുതിയേതര വരവുകൾ | 233375 | 232901 | 474 | (-).20 |
| മറ്റുവരവുകൾ | 3067411 | 3156960 | 89549 | (+)2.91 |
| ആകെ | 4494221 | 4867193 | 372972 | (+)8.29 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.(സേവന സോഫ്റ്റ്വെയറിൽനിന്നും ലഭ്യമായ വിനിയോഗ സാക്ഷ്യപത്രം പ്രകാരം)

2013-14

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 26880 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 779850 | 166 |
| വിധവാപെൻഷൻ | 1183388 | 189 |
| വാർദ്ധക്യകാലപെൻഷൻ | 246470 | 63 |
| വികലാംഗപെൻഷൻ | 713960 | 93 |
| അവിവാഹിത പെൻഷൻ | 126251 | 15 |

2014-15

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77040 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 1265712 | 173 |
| വിധവാപെൻഷൻ | 1670340 | 297 |
| വാർദ്ധക്യകാലപെൻഷൻ | 788233 | 185 |
| വികലാംഗപെൻഷൻ | 1078980 | 113 |
| അവിവാഹിത പെൻഷൻ | 110040 | 21 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.05.2016 3.30 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 736/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ബിൽ രജിസ്റ്ററിൽ ബിൽ നമ്പരും വൗച്ചർ നമ്പരും രേഖപ്പെടുത്തുന്നുണ്ട്. കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ, എന്നിവയുടെ സ്റ്റോക്ക് വിവരങ്ങൾ സമഗ്രമല്ല. വാങ്ങിയ ഓരോ ഉപകരണത്തിനും ക്രമമായി സ്റ്റോക്ക് എൻട്രി വരുത്തുകയും സ്റ്റോക്ക് നമ്പർ ഉപകരണത്തിൽ രേഖപ്പെപെടുത്തുകയും ചെയ്തിട്ടില്ല. ഇവയ്ക്കുവേണ്ടി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല.പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

തനത് വരുമാനം പിരിവിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. പ്രധാന വരുമാനമായ വസ്തു നികുതിയിനത്തിൽ 13,27,345/- രൂപ കുടിശികയുണ്ട്. ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിന്റെ വാടക വരവ് രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.04.2016, 15.04.2016 | 03/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ------- | ------- | -------- |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പരിശോധന – പൊതു അപാകതകൾ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ 2014-15, 2015-16 വർഷങ്ങളിൽ ഗുണഭോക്തൃ വിഹിതം പിരിക്കാനായി ഉപയോഗിച്ച രസീത് ബുക്കുകളുടെ കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. തുടർവർഷങ്ങളിൽ കളക്ഷൻ രജിസ്റ്റർ എഴുതി പഞ്ചായത്തിൽ അടവാക്കിയ രസീത് ഉൾപ്പടെ സൂക്ഷിക്കേണ്ടതാണ്.

തീക്കോയി സർവ്വീസ് സഹകരണ ബാങ്ക് എസ്.സി.ബി സാക്ഷരത അക്കൗണ്ട് (നം.3727) 10 വർഷത്തിലധികമായി ഇടപാടുകളില്ലാതെ നിലനിൽക്കുന്നു. അക്കൗണ്ടിൽ പലിശമാത്രം ക്രഡിറ്റ് ചെയ്യപ്പെടുന്നു. 31.03.2016 ൽ ബാങ്ക് പാസ് ബുക്ക് പ്രകാരം 1450/- രൂപ നീക്കിയിരിപ്പ് ഉണ്ട്. അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക തനതുഫണ്ടിലേക്ക് മാറ്റിയ ശേഷം അക്കൗണ്ട് ക്ലോസ് ചെയ്യണ്ടതാണ്.

ചെക്കുകൾ/ഡിഡികൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തീയതി സാംഖ്യയിൽ രേഖപ്പെടുത്തുന്നില്ല. ബാങ്ക് സ്ക്രോൾ ലഭിക്കുമ്പോൾ ചെക്കുകൾ/ ഡി.ഡി.കൾ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തീയതി സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണ്.

## 2-2 വാർഷിക കണക്കുകളുടെ പരിശോധന

**2013-14**

വാർഷിക കണക്കുകൾ പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിരുന്നു.( നം.എൽ.എഫ്.കെ.പി14/ജി.പി/56/2014 തീയതി 31.12.14 ). ടി വിശേഷണങ്ങൾ 14-15 വർഷം പരിഹരിച്ചിട്ടുള്ളതായി ഈ വകുപ്പിൽ നിന്നും കത്തു നൽകിയിട്ടുണ്ട്.(നം. കെ.എസ്.എ).കെ.ടി.എം. പി14-1111/2015). വിശദമായ ഓഡിറ്റിൽ മറ്റ് അപാകത ശ്രദ്ധയിൽപ്പെട്ടില്ല.

**2014-15**

വാർഷിക കണക്കുകൾ പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിരുന്നു.(നം. കെ.എസ്.എ).കെ.ടി.എം പി14/ജി.പി/56/2015 തീയതി.31.12.15). സാക്ഷ്യപത്രത്തിൽ പറഞ്ഞിരുന്ന അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

വിശദമായ ഓഡിറ്റിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011 ലെ ജി.ഒ(എം.എസ്) 152/11/എൽ.എസ്.ജി.ഡി യിലെ നിർദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 2-3 വസ്തുനികുതി

**(1)വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം**

പഞ്ചായത്തിലെ 2014-15 വർഷത്തെ വസ്തുനികുതി അസസ്മെന്റ് പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു.2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ഥ ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, 100ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കു ബാധകമായ ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണ(ആർ.ഡി) വകുപ്പിന്റെ 14.01.2011ലെ സർക്കാർ ഉത്തരവ്(അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം 100 ച:മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ച:മീറ്ററിന് 50 രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.(തീരുമാനം നം. 2(1), തീയതി 10.01.2012). വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് ,വിലാസം | വാർഡ്/കെട്ടിടനം | വിസ്തീർണ്ണം (ച..മീ) | നിർണയിച്ച നികുതി(മേഖല ഇളവ് 10%, |
|---|---|---|---|---|

| | | | | റോഡ് തരം വർദ്ധനവ് 20%) |
|---|---|---|---|---|
| 1 | എം.എൻ.പ്രസന്നകുമാർ | VIII/4 A | 42.73 | 1881 |
| | | VIII/4 B | 42.73 | 1881 |
| | | VIII/4 C | 42.73 | 1881 |

വസ്തുനികുതി ഒന്നായി കണക്കാക്കിയിരുന്നുവെങ്കിൽ ടി കടമുറിക്ക് കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാനവസ്തുനികുതി 50 രൂപ നിരക്കിൽ 6410 രൂപയും (128.20x50) അറ്റവർദ്ധനവ് 10% (മേഖല ഇളവ് 10% - റോഡ് തരം വർധന 20%)കണക്കാക്കുമ്പോൾ നിർണയിക്കേണ്ട നികുതി 7051 രൂപയും ആയിരുന്നു. അതായത് പ്രത്യേകം പ്രത്യേകം നമ്പരിങ്ങ് നടത്തിയതുമൂലമുണ്ടായ വരുമാനനഷ്ടം പ്രതിവർഷം 1408 രൂപയാണ് (7051-5643).ഇതു സംമ്പന്ധിച്ച് നൽകിയ ഓഡിറ്റ് എന്ക്വയറിക്ക്(15) മറുപടിയായി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(2)**വിമുക്ത ഭടൻമാർ/അവരുടെ ഭാര്യമാർ/ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻമാർ എന്നിവരുടെ യഥാർത്ഥ താമസത്തിനായുള്ള ഭവനങ്ങൾ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കുന്നത്- മാർഗരേഖ പാലിക്കുന്നില്ല**

വിമുക്ത ഭടൻമാർ/അവരുടെ ഭാര്യമാർ/ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻമാർ എന്നിവരുടെ യഥാർത്ഥ താമസത്തിനായുള്ള ഭവനങ്ങൾ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കുമ്പോൾ ഇത് സംബന്ധിച്ച് സർക്കാർ മാർഗരേഖയിലെ (ജി.ഒ(എം.എസ്) 242/2013/ത.സ്വ.ഭ.വ, 2.7.2013) നിർദേശങ്ങൾ പാലിക്കുന്നില്ല. 2013-14, 2014-15 വർഷം ഇളവ് അനുവദിച്ചവരുടെ അപേക്ഷകൾ പരിശോധനക്ക് ഹാജരാക്കിയില്ല. വിഷയം സംബന്ധിച്ച് പരിശോധന നടത്തിയതിൽ വസ്തു നികുതി ഇളവ് നൽകുന്നത് സംബന്ധിച്ച് ആവശ്യമായ വിശദാംശങ്ങൾ-ഇളവ് അനുവദിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണം, നിർണ്ണയിച്ച നികുതി എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മാർഗരേഖയിലെ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(3) **വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല**

1993-94 ലെ അസസ്മെന്റ് പ്രകാരമുള്ള കെട്ടിടങ്ങളുടെ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പുനർനിർണ്ണയം പൂർത്തിയായിട്ടില്ല. 1993-94 ലെ അസ്മെന്റ് പ്രകാരം 8 വാർഡുകളിലായുള്ള 3893 കെട്ടിടങ്ങളിൽ 3832 കെട്ടിടങ്ങളുടെ വിവരശേഖരണം സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി പൂർത്തിയാക്കി ഡിമാന്റ് നോട്ടീസ് ജനറേറ്റ് ചെയ്തിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ചുമത്തൽ - അപാകതകൾ

2013-14, 2014-15 വർഷങ്ങളിലെ തൊഴിൽ നികുതി ചുമത്തലുമായി ബന്ധപ്പെട്ട പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

**(1)എല്ലാ സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി ചുമത്തിയില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ നിന്നും മേൽക്കാലയളവിൽ ജീവനക്കാരുടെ തൊഴിൽ നികുതി മാത്രം

ഈടാക്കുകയും സ്ഥാപന തൊഴിൽ നികുതി ചുമത്താതിരിക്കുകയും ചെയ്തിട്ടുണ്ട് (ജീവനക്കാരുടെ 2013-14, 2014-15 ലെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേരും വിലാസവും |
|---|---|
| 1. | മാവേലി സ്റ്റോർ, തീക്കോയി |
| 2. | ത്രിവേണി സൂപ്പർ മാർക്കറ്റ്, തീക്കോയി |
| 3. | നൻമ സൂപ്പർ മാർക്കറ്റ്, വെള്ളികുളം |
| 4. | ഇൻഡോ അമേരിക്കൻ ഇന്റർനാഷണൽ സ്കൂൾ, വഴിക്കടവ്, വാഗമൺ പി.ഒ. |

ഇതു സംബന്ധിച്ച 27.05.2016 ലെ ഓഡിറ്റ് എൻക്വയറിക്കുള്ള(നം.11) മറുപടിയിൽ തൊഴിൽ നികുതി അടവാക്കുന്നതിൽ വീഴ്ച വരുത്തിയ ക്രമ നം.1,2,3,4 സ്ഥാപനങ്ങൾക്ക് പല പ്രാവശ്യം നോട്ടീസ് നല്കിയിട്ടുള്ളതാണെന്നും അതിനുശേഷം വീഴ്ച വരുത്തിയ സ്ഥാപനങ്ങൾക്കെതിരെ റവന്യൂ റിക്കവറിക്കുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുവരികയാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി ചുമത്താനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**(2)ട്രെയ്ഡേഴ്സ് തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നു**

ട്രെയ്ഡേഴ്സിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ട്രെയ്ഡേഴ്സിനും നികുതി ചുമത്താൻ സാധിച്ചിട്ടില്ല. 2013-14, 2014-15 വർഷങ്ങളിൽ ഡി & ഒ ലൈസൻസ് നല്കിയ ട്രെയ്ഡേഴ്സിൽ നിന്നുമാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ പ്രധാന തനതുവരുമാന സ്രോതസ്സായ ട്രെയ്ഡേഴ്സ് തൊഴിൽ നികുതി കൃത്യമായി നിർണ്ണയിച്ച് ചുമത്താത്തതിനാൽ ഈയിനത്തിൽ വലിയ തുക വരുമാന നഷ്ടമുണ്ടാകുന്നു. വാർഡ് അടിസ്ഥാനത്തിലുള്ള ട്രെയ്ഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

**(3)തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ സംബന്ധിച്ച്**

സ്ഥാപനങ്ങൾ, ട്രെയ്ഡേഴ്സ് തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല. ഡിമാൻഡ് രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേര് , സ്ഥിതി ചെയ്യുന്ന വാർഡ് നം. തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും ചേർത്തിട്ടില്ല (നികുതി അടവാക്കുന്ന വ്യക്തിയുടെ പേര് മാത്രമാണ് ചേർക്കുന്നത്). നികുതി അടവാക്കുമ്പോൾ നൽകുന്ന രസീത് നമ്പർ തുക എന്നിവയുടെ കൃത്യത സെക്രട്ടറി പരിശോധിച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 2-5 ഡി & ഒ ട്രേഡ് ലൈസൻസ് നൽകൽ - അപാകതകൾ

പഞ്ചായത്തിലെ 2013-14, 2014-15 വർഷങ്ങളിലെ ഡി & ഒ ട്രേഡ് ലൈസൻസുമായി ബന്ധപ്പെട്ട പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

**(1) പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ ധാരാളം സ്ഥാപനങ്ങളും വ്യവസായങ്ങളും പ്രവർത്തിക്കുന്നു**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് നൽകുന്നതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് നേടിയിട്ടുണ്ട് എന്ന് സ്ഥിരീകരിക്കാനോ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കാനോ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഡി & ഒ ട്രേഡ് ലൈസൻസ് ഡിമാൻഡ് രജിസ്റ്റർ പ്രകാരം വിവിധ വർഷങ്ങളിലെ അപേക്ഷകരുടെ എണ്ണം, ഡിമാൻഡ് ചെയ്ത തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചേർക്കുന്നു.

| വർഷം | അപേക്ഷകരുടെ എണ്ണം | എണ്ണത്തിലുണ്ടായ കുറവ് | ഡിമാൻഡ് ചെയ്ത തുക (രൂപ) |
|---|---|---|---|
| 2011-12 | 131 | - | 39100/- |
| 2012-13 | 72 | 59 | 18525/- |
| 2013-14 | 49 | 82 | 13750/- |
| 2014-15 | 63 | 68 | 28200/- |

മേൽപറഞ്ഞ വിശദാംശങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആകെ സ്ഥാപനങ്ങിൽ ഏകദേശം 60% ത്തിൽ അധികം എണ്ണം സ്ഥാപനങ്ങളും വർഷങ്ങളായി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന വസ്തുത സ്ഥിരീകരിക്കുന്നു. ഇതു പ്രകാരം 24.05.2016 ലെ ഓഡിറ്റ് എൻക്വയറിക്ക്(നം.6) സെക്രട്ടറി നൽകിയ മറുപടിയിൽ പഞ്ചായത്തിന്റെ ദുർഘടമായ ഭൂപ്രകൃതിയും ജീവനക്കാരുടെ കുറവും മൂലമാണ് ലൈസൻസ് ചുമത്തൽ കാര്യക്ഷമമാകാതിരുന്നത് എന്നും അടിയന്തിരമായി അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചു. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 255 പ്രകാരമുള്ള നിയമനടപടി സ്വീകരിക്കേണ്ടതുമാണ്.

**(2)ലൈസൻസ് നൽകുന്നതിനുള്ള സ്ഥലപരിശോധന അന്വോഷണ റിപ്പോർട്ടുകൾ തൃപ്തികരമല്ല**

ഡി & ഒ ട്രേഡ് ലൈസൻസ് നൽകുന്നതിന് അപേക്ഷകളിൻമേൽ അന്വേഷണം, സ്ഥലപരിശോധന എന്നിവ നടത്തേണ്ടതും സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ് , ആസ്തി മൂല്യം, യന്ത്രസാമഗ്രികളുടെ ആകെ കുതിരശക്തി എന്നിവ നിർണ്ണയിച്ച് വിശദാംശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി 1996 ലെ കേരള പഞ്ചായത്ത് രാജ് (ഡി & ഒ ട്രേഡ് ലൈസൻസ്) ചട്ടങ്ങൾ പ്രകാരം ഫീസ് ചുമത്തി ലൈസൻസ് നൽകേണ്ടത്. എന്നാൽ പഞ്ചായത്ത് അധികൃതർ 2013-14, 2014-15

വർഷങ്ങളിലെ അപേക്ഷകളിൻമേൽ അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടുകളിൽ മേൽപറഞ്ഞ അടിസ്ഥാന വിവരങ്ങൾ പോലും ചേർത്തിട്ടില്ല. അപാകത തുടർവർഷങ്ങളിൽ പരിഹരിക്കേണ്ടതാണ്.

**(3)ഉയർന്ന പ്രതിദിന വിറ്റുവരവുള്ള വാണിജ്യ/വ്യവസായങ്ങൾക്ക് പരമാവധി ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ല**

കാറികൾ, മെറ്റൽ ക്രഷർ യൂണിറ്റുകൾ തുടങ്ങിയവ താരതമ്യേന ഉയർന്ന പ്രതിദിന വിറ്റുവരവ് ഉള്ള വ്യവസായങ്ങളാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ സ്ഥലപരിശോധന നടത്തി പരമാവധി ഫീസ് (4000/- രൂപ) ചുമത്താവുന്നതാണ്. ഡി & ഒ ട്രേഡ് ലൈസൻസ് ഡിമാൻഡ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ഉയർന്ന പ്രതിദിന വിറ്റുവരവ് ഉള്ള വ്യവസായങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

| സ്ഥാപന ഉടമ | വ്യവസായം | യന്ത്രസാമഗ്രികൾ (കുതിരശക്തി*) | 2013-14 ൽ ചുമത്തിയ ഫീസ് | 2014-15 ൽ ചുമത്തിയ ഫീസ് |
|---|---|---|---|---|
| ജേക്കബ് ജോർജ്, മക്കാട്ട് കുമ്മണ്ണുപറമ്പിൽ | പാറ പൊട്ടിക്കൽ | 45 | 300/- | 3000/- |
| പി . എസ് സെബാസ്റ്റ്യൻ പാംബ്ലാനിയിൽ | പാറ പൊട്ടിക്കൽ | 215 | 2300/- | 2300/- |
| സോമന ജോർജ്, പടവിൽ, തീക്കോയി | ഹോളോബ്രിക്സ് നിർമ്മാണം | - | 1300/- | 1200/- |
| വി.വി അസ് ലം, മംഗളഗിരി മെറ്റൽസ് | മെറ്റൽ ക്രഷർ | 92.5 | 2000/- | - |
| എം.കെ ഫൈസൽ, മുരിക്കോലിൽ ക്രീപ് മിൽ | ക്രീപ് മിൽ | 420 | 2000/- | 1000/- |

(*മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം പ്രകാരം )

ഓഡിറ്റ് എൻക്വയറിക്കുള്ള(നം.6) മറുപടിയിൽ 2013-14, 2014-15 വർഷങ്ങളിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീക്കോയി പഞ്ചായത്ത് പൂർണമായും പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെട്ടിരുന്നതിനാൽ ഭാഗികമായി നിലച്ചിരുന്നതായും

ക്വാറികളിലെ വിറ്റുവരവ് കുറവായിരുന്നു എന്നും നിർമ്മാണ മേഖല സ്തംഭിച്ചതിനാൽ ക്രഷറുകളുടെ പ്രവർത്തനത്തെ ബാധിച്ചതിനാലാണ് പരമാവധി ലൈസൻസ് ഫീസ് ചുമത്താൻ സാധിക്കാത്തത് എന്ന് അറിയിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം ഉയർന്ന വിറ്റുവരവുള്ള ട്രെയ്ഡേഴ്സിന് പരമാവധി ഫീസ് ചുമത്തേണ്ടതാണ്.

**(4) ഡി & ഒ ട്രേഡ് ലൈസൻസ് രജിസ്റ്ററുകളുടെയും അനുബന്ധരേഖകളുടെയും സൂക്ഷിപ്പ്-തൃപ്തികരമല്ല**

വാർഡ് അടിസ്ഥാനത്തിലുള്ള ട്രെയ്ഡേഴ്സ് ലിസ്റ്റ് രജിസ്റ്റർ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ ലൈസൻസ് നൽകേണ്ട സ്ഥാപനങ്ങളുടെ എണ്ണം കണക്കാക്കി ഡിമാൻഡ് ചെയ്യാൻ സാധിക്കുന്നില്ല. ലഭിക്കുന്ന അപേക്ഷകൾ മാത്രം ഡിമാൻഡ് രജിസ്റ്ററിൽ ചേർത്ത് ലൈസൻസിന് പരിഗണിക്കുന്ന രീതിയാണ് നിലവിൽ ചെയ്യുന്നത്. 2013-14 ൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയപ്പോൾ ഡി & ഒ ട്രേഡ് ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിൽ ലൈസൻസ് നം., തീയതി എന്നിവ രേഖപ്പെടുത്തുകയോ അവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുകയോ ചെയ്തിട്ടില്ല. ലൈസൻസ് നൽകിയതിന്റെ പകർപ്പ് ഫയലിൽ ചേർക്കാത്തതിനാൽ രേഖകൾ അപൂർണ്ണമാണ്. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവുവിളക്കുകളുടെ സംരക്ഷണം പഞ്ചായത്തിന് കൃത്യമായകണക്കില്ല

പഞ്ചായത്ത് ഓഡിറ്റ് വർഷങ്ങളിൽ (2013-14,2014-15) തെരുവുവിളക്കുകളുടെ സംരക്ഷണത്തിനായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നംപർ | തുക(രൂപ) | പ്രോജക്ട് | റിമാർക്സ് |
|---|---|---|---|
| 111/2013-14 | 20000 | തെരുവുവിളക്ക് സംരക്ഷണത്തിനാവശ്യമായ സാധനങ്ങൾ വാങ്ങൽ(ട്യൂബ്,സ്റ്റാർട്ടർ,ചോക്ക് മുതലായവ) | സുലേഖ സോഫ്റ്റ്വെയർ പ്രകാരം തുക ചെലവാക്കിയിട്ടുണ്ട്. ഡി.ഡി.നം, തീയതി ലഭ്യമല്ല. |
| 39/2014-15 | 30000 | 100 സിംഗിൾ ട്യൂബ് സെറ്റ് റിപ്പയർ ചെയ്യുന്നതിന്(100x300=30000) | സുലേഖ സോഫ്റ്റ്വെയർ പ്രകാരം തുക ചെലവാക്കിയിട്ടുണ്ട് ഡി.ഡി.നം, തീയതി |

| | | | |
|---|---|---|---|
| | | | ലഭ്യമല്ല. |
| 136/2014-15 | 49400 | 94 സിംഗിൾ ട്യൂബ്സെറ്റ് സ്ഥാപിച്ചതിനും(94x200=18800)<br>102 സിംഗിൾ ട്യൂബ്സെറ്റ് റിപ്പയർ ചെയ്തതിനും(102x300=30600) | 575748/തീയതി ലഭ്യമല്ല |
| അകെ | 99400 | | |

മേൽ സൂചിപ്പിച്ച പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇരുപതിനായിരം രൂപ ചെലവ് ചെയ്ത് വാങ്ങിയ ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർക്കുകയോ, വിതരണവിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
2. തൊണ്ണൂറ്റിരണ്ട്സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിച്ചതിന് 200രൂപ പ്രകാരം 18800/- രുപ ചോയ്സ് സാനിവെയേഴ്സ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ടെങ്കിലും(ഡി.ഡി.നം 545748 തീയതി രേഖപ്പെടുത്തിയിട്ടില്ല)വാങ്ങിയ സാധനങ്ങളിൽ പുതിയ ട്യൂബ്സെറ്റ് ഇല്ലാത്തതിനാൽ ഇതിന്റെ നിജസ്ഥിതി വ്യക്തമല്ല.
3. ഏതൊക്കെ വാർഡുകളിൽ എത് പോസ്റ്റുകളിൽ ആണ് ട്യൂബ്സ്ഥാപിച്ചത്/റിപ്പയർ ചെയ്തത് എന്നതിന് രേഖകളോ വാർഡ് മെമ്പറുടെ സാക്ഷ്യപത്രമോ ഇല്ല.
4. പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ കണക്കും വൈദ്യുതബോർഡിന്റെകണക്കുമായി പൊരുത്തപ്പെടുന്നില്ല.
   ബോർ ഡിന്റെ കണക്കു പ്രകാരമുള്ള തെരുവുവിളക്കുകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| സാധാരണ ബൾബ് | 168 |
| ഫ്ലൂറസെന്റ് ട്യൂബ് സിംഗിൾ 40 W | 33 |
| ഫ്ലൂറസെന്റ് ട്യൂബ് സിംഗിൾ 40 Wx2 | 15 |
| സോഡിയം വേപ്പർ ലാമ്പ് | 2 |

5.തൊണ്ണൂറ്റിരണ്ട് പുതിയ ട്യൂബ് സെറ്റുകൾ സ്ഥാപിച്ചതിന് തുക നല്കിയെങ്കിലും വൈദ്യുതബോർഡിൽ സൂപ്പർ വിഷൻചാർജ് അടക്കുകയോ താരിഫ് മാറ്റം വരുത്തുകയോചെയ്തിട്ടില്ല.

വൈദ്യുതബോർഡിൽ സൂപ്പർവിഷൻചാർജ് അടച്ചിട്ടില്ലാത്തതും,പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇല്ലാത്തതുമായ94 ട്യൂബുസെറ്റുകൾ ഘടിപ്പിച്ചതിന് ചോയ്സ് സാനിവെയേഴ്സ് എന്ന സ്ഥാപനത്തിന് നല്കിയ 18800/-രൂപയും ,ട്യൂബുലൈറ്റുകൾ റിപ്പയർ ചെയ്ത് സ്ഥാപിച്ചതിന്റ വിവരങ്ങളും,വാർഡ് മെമ്പറുടെ സാക്ഷ്യപത്രവും ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 60600/-(30000+30600) രൂപയും ഉൾപ്പെടെ79400 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ബ്രോഡ്ബാന്റ് കണക്ഷനുള്ള ഫോൺചാർജ്-ചെലവ് പരിമിതപ്പെടുത്തണം

തനതുവരുമാനം താരതമ്യേന കുറവായ പഞ്ചായത്തിൽ ബ്രോഡ്ബാന്റ് കണക്ഷനുള്ള ഫോണിന്റെ പ്രതിമാസചെലവ് താഴെ പറയും പ്രകാരമാണ്.

| ഫോൺ നമ്പർ-04822-280029 | |
|---|---|
| 04/14 | 2146 |
| 05/14 | 2826 |
| 06/14 | 2392 |
| 07/14 | 3186 |
| 08/14 | 2597 |
| 09/14 | 2979 |
| 10/14 | 3107 |
| 11/14 | 3618 |
| 12/14 | 2781 |
| 01/15 | 3191 |
| 02/15 | 3842 |
| 03/15 | 3251 |

പഞ്ചായത്തിൽ നെറ്റ് വർക്ക് ആവശ്യത്തിലേക്കായി 280029,എന്ന കണക്ഷനും മേൽസൂചിപ്പിച്ച കണക്ഷനു പുറമേ ഉപയോഗിച്ചുവരുന്നു.നിലവിൽ BBG-275 എന്ന പ്ലാനാണ് ഉപയോഗിച്ചുവരുന്നത്.പരിധിയിൽ അധികരിച്ച് ഉണ്ടാകുന്ന ഉപയോഗത്തിന് ഈപ്ലാൻ പ്രകാരംഅധികതുക നല്കണം.പഞ്ചായത്തിന്റെപ്രതിമാസ ഉപയോഗം 10 ജി.ബി ക്ക്മുകളിലാണ്.03/16,04 /16മാസങ്ങളിലുംഫോൺ ചാർജ് ഇനത്തിൽയഥാക്രമം3816രൂപയും3578രൂപയും ചെലവഴിച്ചിട്ടുണ്ട്. സേവനദാതാക്കളായ ബി.എസ്.എൻ.എൽ നിലവിൽ വിവിധ അൺ ലിമിറ്റഡ് പ്ലാനുകൾ നല്കുന്നുണ്ടെന്നിരിക്കെ ലാഭകരമായ പ്ലാനുകളിലേക്ക് മാറുന്നതു പഞ്ചായത്തിന്റെ തനതുഫണ്ട് ചെലവ് കുറയുന്നതിന് സഹായകമായിരിക്കും.

## 3-3 വനിതാ ഉൽപ്പന്ന വിപണനകേന്ദ്രം പൂർത്തീകരണം-അപാകതകൾ -അധികചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നം .48/15

പദ്ധതി അടങ്കൽ - 387160 രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

പദ്ധതി ചെലവ് - 376521 രൂപ (ബിൽ നം.1/14-15 dtd 18/09/2014)

എം ബുക്ക് നം 01/2014-15

2013-14 വർഷം 51/14-ാം നമ്പർ പ്രോജക്ടായി ആവിഷ്ക്കരിച്ചു 4-03-2014 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തിയാണ് സ്പിൽ ഓവറായി 2014-15ൽ നടപ്പാക്കിയത്.ടി പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടി വർക്ക് ടെൻഡർ ചെയ്ത വേളയിൽ 3ടെൻഡറുകൾ ലഭിച്ചതായി കാണുന്നു.

1. ശ്രീ കെ വി ജോർജ്ജ് കുന്നത്ത് - 5.8% below estimate

2. ശ്രീ ലിപിൻ ബെന്നി- 0.23% below estimate

3. ശ്രീ ദിൽക്കുഷ് വി റ്റി-0.52% below estimate

എന്നാൽ ടി ടെൻഡറുകൾ ഒന്നും അംഗീകരിക്കാതെ പ്രസ്തുത പ്രവൃത്തി വീണ്ടും റീ ടെൻഡർ ചെയ്യുകയും ശ്രീ കെ വി ജോർജ്ജ് കുന്നത്തിനു തന്നെ 2.6% below estimate നിരക്കിൽ കരാർ നൽകുകയും ചെയ്തു.റീ ടെൻഡർ നടത്തിയതിന് പ്രത്യേക കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

പ്രവൃത്തിയുടെ ആകെ മൂല്യം കണക്കാക്കിയിട്ടുള്ളത് 386572 രൂപയാണ്. 2.6% below estimate കുറച്ച് ആകെ മൂല്യം കണക്കാക്കിയത് 376521 രൂപയാണ്.ടാക്സ് വിഹിതങ്ങൾ കിഴിച്ച് കരാറുകാരൻ ശ്രീ കെ വി ജോർജ്ജ് കുന്നത്തിന് 357695 രൂപ (DD No.366704 dtd 24/09/14) നൽകിയിട്ടുണ്ട്.

എന്നാൽ ടിയാൻ ആദ്യം നൽകിയ ടെൻഡർ അംഗീകരിച്ചിരുന്നെങ്കിൽ 5.8% below estimate നിരക്കിൽ പ്രവൃത്തി നടപ്പാകുമായിരുന്നു.ടിയിനത്തിലുള്ള നഷ്ടം 12370 രൂപയാണ്.

386572x5.8% =22421

386572x2.6%=10051

അധികം ചെലവഴിക്കേണ്ടി വന്ന തുക =12370(22421-10051)

കൂടാതെ ടി പ്രവൃത്തിയുടെ വാറ്റ് വിഹിതം കണക്കാക്കിയതിലും കുറവ് വന്നിട്ടുണ്ട്.2014-15 ലെ വാറ്റ് കോമ്പൗണ്ടിംഗ് നിരക്ക് 4% ആണ്.എന്നാൽ ഈടാക്കിയിട്ടുള്ളത് 3% മാത്രമാണ്.ആയതിനാൽ ടിയിനത്തിൽ 3765 രൂപ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ട്.

വേലമൂല്യം -376521

വാറ്റ് വിഹിതം കണക്കാക്കിയത് 3% നിരക്കിൽ 376521x3/100=11296

വാറ്റ് വിഹിതം കണക്കാക്കേണ്ടിയിരുന്നത് 4% നിരക്കിൽ 376521x4/100=15061

കുറവ് (15061-11296)=3765

ടി വിഷയം സംബന്ധിച്ച് 13-ാം നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടി തൃപ്തികരമല്ല.ശ്രീ ലിപിൻ ബെന്നി- 0.23% below estimate, ശ്രീ ദിൽക്കുഷ് വി റ്റി-0.52% below estimate എന്നിവരുടെ ടെൻഡറുകൾ നിരാകരിച്ച് ശ്രീ കെ വി ജോർജ്ജ് കുന്നത്ത് -5.8% below estimate ടെൻഡർ സിംഗിൾ ടെൻഡറായി പരിഗണിച്ചതിന് കാരണം രേഖപ്പെടുത്തിയിരിക്കുന്നത് ടി ടെൻഡറുകൾക്കൊപ്പം സമർപ്പിച്ചിരുന്ന പ്രിലിമിനറി എഗ്രിമെന്റ് ടൈപ്പ് ചെയ്ത് പൂർത്തീകരിച്ചിരുന്നില്ല എന്ന് മാത്രമാണ്.ആയത് അംഗീകരിക്കാവുന്നതല്ല.

പണികൾ പൂർത്തീകരിച്ച് ടി വനിതാ ഉൽപ്പന്ന വിപണനകേന്ദ്രം നിലവിൽ പ്രവൃത്തിക്കുന്നുണ്ടോ എന്ന വിവരവും ലഭ്യമല്ല. ആയതിനാൽ അധികമായി ചെലവഴിച്ച 12370 രൂപയും നികുതി ഈടാക്കാൻ കുറവ് വന്ന 3765 രൂപയും ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 എസ്.സി.കോളനികളിൽ കുഴൽകിണർ നിർമ്മാണം-പദ്ധതി അപൂർണ്ണം

പ്രോജക്ട്- എസ്.സി.കോളനികളിൽ കുഴൽകിണർ നിർമ്മാണം

പ്രോജക്ട് നം -112/2013-14, 095/2015

ഫണ്ടിനം- വികസനഫണ്ട്(എസ്.സി.പി)

പഞ്ചായത്ത് പരിധിയിലുള്ള മാവടി എസ്.സി.കോളനി,എട്ടാംമൈൽ എസ്.സി.കോളനി,അറുകോൺമല എസ്.സി കോളനി എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമിക്കുന്നതിനായി ഭൂജലവകുപ്പിൽ 219739 രൂപ മേൽ പ്രോജക്ടുകൾ പ്രകാരം നിക്ഷേപം നടത്തിയിട്ടുണ്ട്.നിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | തുക(രൂപ) | ഡി.ഡി നംപർ/തീയതി |
|---|---|---|
| 112/2013-14 | 150000.00 | 417879/15-03-2014 |
| 095/2015 | 69739.00 | 189573/17-12-2014 |
| അകെ | 219739.00 | |

ജലവകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 3 കിണറിന് 219738 രൂപ നല്കണം.എസ്റ്റിമേറ്റ് വിശദാംശംചുവടെ ചേർക്കുന്നു.

ചെലവ്. (3കിണർ)

| ഇനം | തുക |
|---|---|
| കിണർ കുഴിക്കുന്നതിന് | 87500 |
| പി.വി.സി പൈപ്പ് | 8600 |
| എൻഡ് ക്യാപ് | 450 |
| ഹാൻഡ് പമ്പ്, | 86625 |
| പമ്പ് സ്ഥാപിക്കൽ,പ്ലാറ്റ്ഫോം | 26100 |
| ആകെ | 209275 |
| ഓവർഹെഡ് ചാർജ്(5%) | 10463.75 |
| ഗ്രാന്റ് ടോട്ടൽ | 219738.75 |

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ എട്ടാം മൈൽ എസ്.സി കോളനിയിൽ സ്ഥാപിച്ച കിണർ മാത്രമാണ് പൂർത്തിയാക്കി ഉപയോഗിക്കുന്നത് എന്ന് കണ്ടു. മറ്റ് രണ്ടു കിണറുകൾ നിർമ്മിച്ച് ഒരുവർഷം കഴിഞ്ഞിട്ടുംഹാൻഡ് പമ്പ് സ്ഥാപിക്കാത്തത് ഭൂജലവകുപ്പിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.ഈ അവശ്യത്തിനായി ഭൂജലവകുപ്പിന് നല്കിയ219739 രൂപയിൽ144589രൂപയുടെ പ്രവൃത്തി നടന്നിട്ടുണ്ട് .ഭൂജലവകുപ്പിൽ 75150 രൂപ അവശേഷിക്കുന്നു.ഈ സാഹചര്യത്തിൽ ഭൂജലവകുപ്പുമായി ബന്ധപ്പെട്ട് ജലലഭ്യതയുള്ളകിണറുകൾക്ക് ഹാൻഡ് പമ്പുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അളവുപുസ്തകം ഉൽപ്പെടെ ലഭ്യമാക്കി ഡിപ്പോസിറ്റ് തുക ക്രമീകരിക്കേണ്ടതുമാണ്.

## 3-5 മ്ലാക്കുഴി കോളനി അംഗൻവാടി-അറ്റകുറ്റപ്പണി പൂര്ത്തിയായിട്ടും കെട്ടിടം ജീർണ്ണാവസ്ഥയിൽ

പ്രോജക്ട് നം. 83/14

അടങ്കൽ- 400000 രൂപ

ചെലവ് -269404 രൂപ

ഗ്രാമ പഞ്ചായത്തിന്റെ 2013-14 വാർഷിക പദ്ധതിയിൽ മ്ലാക്കുഴി കോളനി അംഗൻവാടി അറ്റകുറ്റപ്പണിയ്കായി മെയിന്റനൻസ് ഫണ്ട് റോഡിതര വിഭാഗത്തിൽ നിന്നും 269404 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഇനം 7, 8എന്നിവയിലായി അംഗൻവാടിയുടെ RCC റൂഫ് ടോപ്പ് കുത്തിപ്പൊളിച്ച് 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. അംഗൻവാടി കെട്ടിടം സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ ടെറസ്സിലും ഷെയ്ഡിലും വെള്ളം കെട്ടി നിന്ന് ഭിത്തിയിലൂടെ ഒലിച്ച് ഇറങ്ങുന്ന അവസ്ഥയിലാണ്. ഭിത്തിയിൽ ഈർപ്പം നിൽക്കുന്നതിനാൽ പായൽ പിടിച്ച അവസ്ഥയിലുമാണ്. ജനൽ കമ്പികൾ തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയിലുമാണ്. 269404 രൂപ ചെലവഴിച്ച് മെയിന്റനൻസ് പ്രവൃത്തി നടത്തിയിട്ടും കെട്ടിടം നനഞ്ഞ് ഒലിയ്കുന്നു. ഇക്കാര്യത്തിലേയ്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്കുന്നു. കെട്ടിടം നനയുന്നത് പരിഹരിയ്കുന്നതിന് ആവശ്യമായ പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

## 3-6 ജാഗ്രത സമിതിക്ക് വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 2013-14 വർഷം പ്രോജക്ട് നം.81/2013-14(ചെലവ്- 10,000/- രൂപ) പ്രകാരവും 2014-15 വർഷം പ്രോജക്ട് നം. 24/2014-15(ചെലവ്- 10,000/- രൂപ) പ്രകാരവും ജാഗ്രത സമിതിക്ക് വേണ്ടി ചുവടെ ചേർക്കുന്ന പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്

ലെറ്റർ ബോക്സ് -- 1

സ്റ്റീൽ അലമാര -- 1

സ്റ്റീൽ ടേബിൾ -- 1

പ്ലാസ്റ്റിക് കസേര -- 6

ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ജാഗ്രത സമിതിയുടെ ഓഫിസ് നിലവിൽ സജ്ജമായിട്ടില്ലാത്തതിനാൽ ഇവ നിലവിൽ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഓഫീസ് സജ്ജീകരിക്കുമ്പോൾ ഇവ മാറ്റി സ്ഥാപിക്കേണ്ടതാണ്.

## 3-7 കന്നുകുട്ടിപരിപാലനപദ്ധതി-ഫണ്ടിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ പ്രത്യേകകന്നുകുട്ടിപരിപാലനപദ്ധതി നടപ്പാക്കുന്നതിനായി 2013-2014, 2014-2015 വർഷങ്ങളിൽ താഴെപ്പറയുംപ്രകാരം ആകെ 375000/-രൂപ പദ്ധതിയുടെ കോട്ടയം ജില്ലാ അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് നൽകിയിട്ടുണ്ട്.

| വർഷം | പ്രോജക്ട് നമ്പർ | കന്നുകുട്ടികളുടെ എണ്ണം | തുക (രൂപ) | ഡിഡി നമ്പർ/ തീയതി |
|---|---|---|---|---|
| 2013-2014 | എസ് 26/14 | 30 | 187500/- | 558442/04.12.2013 |
| 2014-2015 | എസ് 28/15 | 30 | 187500/- | 189597/17.12.2014 |
| ആകെ | | | 375000/- | |

പദ്ധതി നടപ്പാക്കുന്നതിന് തീക്കോയി ക്ഷീരോല്പാദകസഹകരണ സംഘത്തെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുകയുടെ വിനിയോഗവിവരവും ക്ഷീരോല്പാദന മേഖലയിലുണ്ടായ ഭൗതികനേട്ടത്തിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-8 ഫ്രണ്ട് ഓഫീസ് നവീകരണം- വാങ്ങിയ ഉപകരണം സ്ഥാപിച്ചിട്ടില്ല

സൂചന- പ്രോജക്ട് നം. 65/13 (9/14)

അടങ്കൽ- 122000 രൂപ

ചെലവ് -87918 (2012-13) +19326 (2013-14)

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ.

ഗ്രാമ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് നവീകരണത്തിന്റെ ഭാഗമായി സൂചിത പ്രോജക്ടിൽ ഉൾപ്പെടുത്തി 12371.5 രൂപ വിലയുള്ള അക്വാ ഗാർഡ് വാട്ടർ പ്യൂരിഫയർ സിഡ്കോയിൽ നിന്നും വാങ്ങിയിരുന്നു. (ഇൻവോയ്സ് നം. SSE KTM 0255/23.3.13) ടി പ്രോജക്ട് നിർവ്വഹണത്തിനായി 12-13 ൽ പാർട്ട് ബില്ലായി 87918 രൂപയും(ബിൽ നം 29/12-13 തീയതി-31.3.13), 2013-14 ൽ ഫൈനൽ ബില്ലായി 19326 രൂപയും (ബിൽ നം.5/13-14/തീയതി-13.12.13) ചെലവഴിച്ചിട്ടുണ്ട്. 3/13 ൽ വാങ്ങിയ വാട്ടർ പ്യൂരിഫയർ 3 വർഷം കഴിഞ്ഞിട്ടും ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചതായി കാണുന്നില്ല. കൂടാതെ വാങ്ങിയ ഉപകരണം സ്റ്റോക്കിലെടുത്തിട്ടുമില്ല. പ്രോജക്ട് പ്രകാരം വാങ്ങിയ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച് പ്രവൃത്തി പൂർത്തിയാക്കാതെ 13-14 ൽ ഫൈനൽ ബിൽ നൽകിയത് ക്രമപ്രകാരമല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നൽകി (നം.12/28.516). മറുപടി ലഭ്യമാക്കിയതിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിയ്ക്കുന്നതിന് ആവശ്യമായ പൈപ്പ് സ്ഥാപിയ്ക്കുന്നതിന് എസ്റ്റിമേറ്റിൽ പ്രൊവിഷൻ ഇല്ലാതിരുന്നതിനാലാണ് വാട്ടർ പ്യൂരിഫയർ സ്ഥാപിയ്കാതിരുന്നത് എന്ന് എ.ഇ അറിയിച്ചു.വാങ്ങിയ ഉപകരണം സ്റ്റോക്കിലെടുക്കാത്തതിനാലും നാളിതുവരെ സ്ഥാപിയ്കാത്തതിനാലും ടി ഉപകരണത്തിന്റെ വിലയിനത്തിൽ ചെലവഴിച്ച തുക 12371.5 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 പാലിയേറ്റീവ് കെയർ പ്രോജക്ട് - അവലോകനം

**തീക്കോയി പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ പ്രോജക്ട് നല്ല രീതിയിൽ പ്രവർത്തനം നടത്തി വരുന്നു. 2013-14സാമ്പത്തിക വർഷം 1,50,000 രൂപ പ്രോജക്ടിൽ ഉൾക്കൊള്ളിക്കുകയും അതേ തുക തന്നെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വാഹന വാടക ,ഹോണറേറിയം,ഭക്ഷണം, ഫോൺ അലവൻസ് എന്നിവയ്ക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്.**

**2014-15 വർഷം പഞ്ചായത്ത് വിഹിതം1,40,000 രൂപയും ബ്ലോക്ക് വിഹിതമായി ലഭിച്ച 1,00 ,000 രൂപയും ഉൾപ്പെടെ 2,40,000രൂപ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. വാഹന വാടക ,ഹോണറേറിയം,ഭക്ഷണം, ഫോൺ അലവൻസ് എന്നിവ കൂടാതെ പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. രോഗികൾക്ക് അത്യാവശ്യഘട്ടങ്ങളിൽ ഡോക്ടറുടെ സേവനവും നല്കി വരുന്നുണ്ട്.**

## 3-10 ആശ്രയപദ്ധതി നടത്തിപ്പ്

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 64 അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി 2004-05 ൽ ആരംഭിച്ച ഒന്നാം ഘട്ട ആശ്രയ പദ്ധതിയുടെ തുടർച്ചയായി 2013-16 കാലയളവിലേക്ക് ആശ്രയ രണ്ടാം ഘട്ട പ്രോജക്ട് 62അഗതി കുടുംബങ്ങളിലെ 145 ഗുണഭോക്താക്കൾക്കായി 6591960രൂപ അടങ്കൽ കണക്കാക്കി ആക്ഷൻപ്ലാൻ തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്.ടി പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നിലവിൽ നടന്നു വരുന്നുണ്ട്. രണ്ടാംഘട്ട പദ്ധതിക്കായി യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ ഈരാറ്റുപേട്ട ശാഖയിൽ അക്കൗണ്ട്(A/C No.720102010000580) തുടങ്ങിയിട്ടുണ്ട്.രണ്ടാംഘട്ട പദ്ധതിക്കായി ചലഞ്ച് ഫണ്ട് ഇനത്തിൽ 442320 രൂപ ലഭ്യമായിട്ടുണ്ട്.

എന്നാൽ ഒന്നാം ഘട്ട പദ്ധതിയുടെയും ആയതിന്റെ പുനപരിശോധനാ പദ്ധതിയുടെയും ഭാഗമായി ലഭിച്ച ചലഞ്ച് ഫണ്ട് യഥാക്രമം 10 ലക്ഷം രൂപയും 212800 രൂപയും നിലവിലും പൂർണ്ണമായും ചെലവഴിക്കപ്പെട്ടിട്ടില്ല.ഒന്നാം ഘട്ട പദ്ധതിയുടെ ബാലൻസ് ഫണ്ട് ഉപയോഗിച്ച്

തുടർ സേവന പ്രോജക്ട് 2015-18 കാലയളവിലേയ്ക്ക് തയ്യാറാക്കിയെങ്കിലും അംഗീകാരം നേടി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ചലഞ്ച് ഫണ്ട് വിനിയോഗിച്ച് അതിജീവനാവശ്യങ്ങളായ ഭക്ഷണ സാധനങ്ങളുടെയും മറ്റും വിതരണമാണ് പ്രധാനമായും നടക്കുന്നത്.ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കണക്കുകൾ പരിശോധിച്ചതിൽ ഒന്നാം ഘട്ട പദ്ധതിയുടെയും ഒന്നാം ഘട്ട പുനപരിശോധനാ പദ്ധതിയുടെയും ഉൾപ്പെടെ ബാലൻസ് ഇനത്തിൽ 795021 രൂപ തീക്കോയി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ (A/C No.4011) 31-03-2015 ൽ നീക്കിയിരിപ്പുണ്ട്.27-04-2016 ൽ ടി അക്കൗണ്ടിലെ നീക്കിയിരുപ്പ് 611879രൂപയാണ്. പ്രധാനമായും ചലഞ്ച് ഫണ്ടും പലിശയിനത്തിൽ ലഭിച്ച തുകയുമാണ് ഇതിലുള്ളത്.

സ.ഉ(എം.എസ്)നം.170/2012/തസ്വഭവ തീയതി 16-06-2012 പ്രകാരം കുടുംബശ്രീ-ആശ്രയപദ്ധതി കൂടുതൽ വിപുലമാക്കുന്നതിനും അർഹതപ്പെട്ട കൂടുതൽ വിഭാഗങ്ങളെ അതിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിപുലീകരിക്കേണ്ടതാണ്.

## 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം

2013-14, 2014-15 വർഷങ്ങളിൽ ആകെ 87 തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. 2013-14 ൽ 559 കുടുംബങ്ങളും 2014-15 ൽ 320 കുടുംബങ്ങളും പദ്ധതിയുമായി സഹകരിച്ചു. 2013-14 ലെ ലേബർ ബജറ്റ് പ്രകാരം 128 പ്രവൃത്തികൾ വിഭാവനം ചെയ്തതിൽ 119 എണ്ണത്തിന് സാങ്കേതിക അനുമതി ലഭിക്കുകയും അവ പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ 2014-15 ലെ ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത 150 പ്രവൃത്തികളിൽ 26 എണ്ണത്തിന് മാത്രമാണ് സാങ്കേതിക അനുമതി ലഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളത്. 2013-14 ൽ 27777 ഉം 2014-15 ൽ 8099 ഉം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2013-14 ൽ 82 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ലഭിച്ചത് 2014-15 ൽ 6 കുടുംബങ്ങൾക്ക് മാത്രമായി ചുരുങ്ങി. പദ്ധതിപ്രകാരമുള്ള ആകെ വരവ്-ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| വർഷം | 2013-14 | 2014-15 |
|---|---|---|
| മുന്നിരിപ്പ് | 43292 | 3331 |
| വരവ് | 1785350 | 373450 |
| ഇ.എഫ്.എം.എസ് വരവ് | 3082134 | 2085423 |
| പലിശ വരവ് | 7613 | 573 |
| ആകെ വരവ് | 4918389 | 2462777 |
| ആകെ ചെലവ് | 4915058 | 2462777 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 3331 | 0 |

മേൽപറഞ്ഞ വർഷങ്ങളിൽ ഭൂരിഭാഗം പ്രവൃത്തികളും സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കല്ലുകയ്യാല, മഴക്കുഴി, കാട് വെട്ടിത്തെളിക്കൽ, മണ്ണ് നീക്കം ചെയ്യൽ തുടങ്ങിയവയാണ്. 2014-15 ൽ പ്രകൃതി വിഭവ സംരക്ഷണത്തിന് ഊന്നൽ നല്കിക്കൊണ്ട് വൃക്ഷത്തൈ നടീൽ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സെക്ഷൻ 5.1.8 പ്രകാരം സുസ്ഥിര ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ സുസ്ഥിര ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 2014-15 | 1,00,000 | പാലിയേറ്റീവ് കെയർ | 1,00,000 | --- |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2013-14

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭജലവകുപ്പ് | എസ്.സി കോളനികളിൽ കുഴൽകിണർ നിർമ്മാണം | 417879/15.03.2014 | 1,50,000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല | 1,50,000 |

2014-15

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭജലവകുപ്പ് | എസ്.സി കോളനികളിൽ കുഴൽകിണർ നിർമ്മാണം | 189573/17.12.14 | 69,739 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല | 69739 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

2013-14

തൻവർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ 3,37500 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്-സമ്പൂർണ്ണഭവനപദ്ധതി | സ.ഉ(സാധാ)നം 884/2010 /ത.സ്വ.ഭ.വ, 16.09.2010 | 74,08,500 | 184204 | 514204 | | 7500 |

2014-15

തൻവർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്-സമ്പൂർണ്ണഭവനപദ്ധതി | സ.ഉ(സാധാ)നം 884/2010 /ത.സ്വ.ഭ.വ, 16.09.2010 | 74,08,500 | 7500 | 7500 | | ------ |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

2013-14, 2014-15വർഷം ഈയിനത്തിൽ  വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖഢ്ഢിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖഢ്ഢിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 33 | 2000-01 | 4-31 | ഉപയോഗിക്കാത്ത മണ്ണിന് വില നൽകി | ലോക്കൽ  ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

2013-14

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2991815 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29456873 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ  അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ  തടസ്സപ്പെടുത്തിയ തുക | 12371.50 |

2014-15

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33463866 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31433895 |
| വരവിനങ്ങളിലുള്ള നഷ്ടം | 1408 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ  അംഗീകരിക്കാത്ത | 12370 |

| | |
|---|---|
| തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 79400 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 1408 | | ശ്രീ.എ.വി.അബനീന്ദ്രമോഹൻ- ഹെഡ് ക്ലർക്ക്(സെക്രട്ടറി ഇൻ ചാർജ്) |
| 3-3 | | 6185<br>6185 | ശ്രീമതി.സന്ധ്യ ആർ നായർ, അസിസ്റ്റന്റ് എൻജിനീയർ<br>ശ്രീ.ജയിംസ് ജോർജ്, അസിസ്റ്റന്റ് എൻജിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 79400 | ശ്രീമതി.വി.ബി.വിജയമ്മ, സെക്രട്ടറി |
| 3-8 | 12371.50 | ശ്രീമതി.സന്ധ്യ ആർ നായർ, അസിസ്റ്റന്റ് എൻജിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

3765, ഖണ്ഡിക 3-3

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.എ.വി.അബനീന്ദ്രമോഹൻ- ഹെഡ് ക്ലർക്ക്(സെക്രട്ടറി ഇൻ ചാർജ്) | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | അരീക്കൽ, മാങ്ങാനം പി.ഒ, കോട്ടയം |
| ശ്രീമതി.സന്ധ്യ ആർ നായർ, അസിസ്റ്റന്റ് എൻജിനീയർ<br><br>ശ്രീ.ജയിംസ് ജോർജ്, അസിസ്റ്റന്റ് എൻജിനീയർ | തീക്കോയി ഗ്രാമപഞ്ചായത്ത് | കമൽ, റ്റി.സി 17/1090, ചെറുകര റോഡ്, പൂജപ്പുര പി.ഒ, തിരുവനന്തപുരം<br><br>മടുക്കക്കുഴി, പാദുവ പി.ഒ, കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 93-94 | എൽ.എഫ്.കെ.പി2/985/96 4.01.97/16.4.97 | | |
| 97-98 | എൽ.എഫ്.കെ.പി2/1253 /അദാ/14(1), 26.11.14 | | |
| 98-99 | എൽ.എഫ്.കെ.പി7/965/02 20.11.04/13.12.04 | | |
| 99-2000 | എൽ.എഫ്.കെ.പി2/1253 /അദാ/14(2), 08.01.15 | | |
| 2000-01 | എൽ.എഫ്.കെ.പി2/1253 /അദാ/14(3), 08.01.15 | | |
| 2002-03 | എൽ.എഫ്.കെ.പി3/468/05, | | |

| | | | |
|---|---|---|---|
| | 05.06.07 | | |
| 2003-04 | എൽ.എഫ്.കെ.പി3/181/04, 25.01.07, 07.02.07 | | |
| 2004-05 | എൽ.എഫ്.കെ.പി3/1032/08, 19.05.09 | | |
| 2005-06 | എൽ.എഫ്.കെ.പി3/230/10, 26.03.10/31.03.10 | | |
| 2006-07 | എൽ.എഫ്.കെ.പി3/231/10, 26.03.10/31.03.10 | | |
| 2007-08 | എൽ.എഫ്.കെ.പി3/232/10, 11.06.13 | | |
| 2008-09 | എൽ.എഫ്.കെ.പി2/200/12, 01.07.13 | | |
| 2009-10 | എൽ.എഫ്.കെ.പി2/203/12, 05.06.13 | | |
| 2010-11 | എൽ.എഫ്.കെ.പി2/204/12 | | |
| 2011-12, 2012-13 | എൽ.എഫ്.കെ.പി2/943/15, 14.09.15 | 12 | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1
## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2013-14 ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-2 ൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷങ്ങളിലെ വരവു-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ല ഓഡിറ്റ് ഓഫീസ്, കോട്ടയം.**

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-2 ൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷങ്ങളിലെ വരവു-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ല ഓഡിറ്റ് ഓഫീസ്, കോട്ടയം.**